## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23 18.03.2013-ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

ശ്രീ. രാജു എബ്രഹാം
ഡോ.ടി.എം. തോമസ് ഐസക്
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.വി.ശിവൻകുട്ടി

ശ്രീ. ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി

### 2012-13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് നിർദ്ദേശങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച അവലോകനം

| | | |
|---|---|---|
| (എ) | 2012-13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് നിർദ്ദേശങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അവലോകനം നടത്തിയത്; അവലോകനത്തിലെ പ്രമുഖ നിഗമനങ്ങൾ വിശദമാക്കാമോ; | 2012-13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് നിർദ്ദേശങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് നവംബർ മാസം ധനകാര്യ വകുപ്പ് അവലോകനം നടത്തിയിരുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പിന് വേണ്ടി ബന്ധപ്പെട്ട വകുപ്പുകൾ നടപടികൾ സ്വീകരിച്ചുവരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. |
| (ബി) | ഏതെങ്കിലും വകുപ്പ് ഏതെങ്കിലും ബജറ്റ് നിർദ്ദേശം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി വിലയിരുത്തപ്പെടുകയുണ്ടായോ, വിശദമാക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| (സി) | ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ; | 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്നതിലേക്കായി ഏതാണ്ട് മുന്നൂറ്റി ഇരുപത്തിയഞ്ചോളം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഇതിൽ ഇരുനൂറ്റിയമ്പതോളം പുതിയ പദ്ധതികൾ ആണ്. |
| (ഡി) | ഭരണാനുമതി നൽകുന്നതിനപ്പുറം നിർവ്വഹണം നടന്നിട്ടില്ലാത്ത ബജറ്റ് നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് അവലോകനം ചെയ്യുകയുണ്ടായോ; വിശദമാക്കാമോ; | പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി പുറപ്പെടുവിക്കുകയും നിർവ്വഹണം ആരംഭിക്കുകയും അവ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. മറ്റുള്ളവ ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ഇ) | പദ്ധതി അടങ്കലിന്റെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി; ഇത് മുൻവർഷം എത്ര ശതമാനമായിരുന്നു? വ്യക്തമാക്കാമോ? | താല്കാലിക കണക്കുകൾ അനുസരിച്ച് 2013 ഫെബ്രുവരി 28-വരെ നടപ്പു സാമ്പത്തിക വർഷത്തെ മൊത്തം പദ്ധതിയടങ്കലിന്റെ 54 ശതമാനം തുക ചെലവായിട്ടുണ്ട്. 2011-12- സാമ്പത്തിക വർഷം മൊത്തം പദ്ധതിയടങ്കലിന്റെ 98 ശതമാനം ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ